**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 298** | **08-06-2021 - ൽ മറുപടിയ്ക്ക്**

**കിഫ്ബി വായ്പകളുടെ തിരിച്ചടവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.സിദ്ദിഖ്,<br>ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീ. അൻവർ സാദത്ത് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി വഴി സമാഹരിച്ച വായ്പകളുടെ തിരിച്ചടവ് ഏതുവർഷം മുതൽ ആരംഭിക്കും എന്ന് വ്യക്തമാക്കാമോ; ഇതിന്റെ വിശദാംശങ്ങൾ നൽകാമോ; | (എ) | 2017 ൽ നബാർഡിൽ നിന്ന് സ്വീകരിച്ച നിഡ ലോണിന്റെ തിരിച്ചടവ്, മൊറട്ടോറിയം കാലാവധിയായ 2 വർഷങ്ങൾക്ക് ശേഷം 2019 ൽ ആരംഭിച്ചിട്ടുണ്ട്. ത്രൈമാസിക കാലയളവിൽ 12 വർഷമായിട്ടാണ് ലോൺ തിരിച്ചടക്കേണ്ടത്. 2019 ൽ സ്വീകരിച്ച 3 ടേം ലോണുകളുടെ തിരിച്ചടവ് മോറട്ടോറിയം കാലാവധിയായ 2 വർഷങ്ങൾക്ക് ശേഷം 2021 ൽ തുടങ്ങിയിട്ടുണ്ട്. ഇവയും 10 മുതൽ 12 വർഷക്കാലയളവിൽ തിരിച്ചടക്കേണ്ട ദീർഘ കാല ലോണുകളാണ്. കെ.എസ്.എഫ്.ഇ പ്രവാസി ചിട്ടിയോട് അനുബന്ധിച്ച് നൽകിയിട്ടുള്ള 3 വർഷ കാലയളവിലെ ഡെപോസിറ്റ് ബോണ്ടുകൾ 2022 പകുതിയോടെ വിവിധ ഘട്ടങ്ങളിലായി തിരിച്ചടവ് ആരംഭിക്കുന്നവയാണ്. സെക്യൂരിറ്റി ബോണ്ടുകൾ 2023 മുതൽ ആരംഭിക്കും. കെ.എസ്.എഫ്.ഇയിൽ നിന്നുമുള്ള ധനസമാഹരണം തുടർച്ചയായി നടന്നുവരുന്ന ദീർഘകാല പദ്ധതിയാണ്. മസാല ബോണ്ട് വഴി സമാഹരിച്ച തുക 2024 മാർച്ച് മാസത്തോടെ തിരിച്ചു നൽകേണ്ടതായിട്ടുണ്ട്. 2021ൽ നബാർഡിൽ നിന്ന് സ്വീകരിച്ച 15 വർഷ കാലയളവിലെ ലോണിന്റെ തിരിച്ചടവ് 2023 ൽ ആരംഭിക്കും. |
| (ബി) | നിലവിലെ സർക്കാരിന്റെ സാമ്പത്തികാവസ്ഥയിൽ കിഫ്ബി വായ്പകളുടെ സമയബന്ധിതമായ തിരിച്ചടവ് സാധ്യമാകുമോ; വിശദാംശങ്ങൾ നൽകാമോ; | (ബി) | കോവിഡ് കാരണമുണ്ടായ അതീവ സാമ്പത്തിക പ്രതിസന്ധിയിലും തടസമില്ലാതെയുള്ള വികസനങ്ങൾ സാധ്യമായതിൽ കിഫ്ബിയുടെ പങ്ക് വളരെ വലുതാണ്. സമ്പദ്ഘടനയുടെ തിരിച്ചുവരവിനും അതിന്റെ ഉത്തേജനത്തിനും അടിസ്ഥാന സൗകര്യ വികസന പ്രവർത്തങ്ങൾ അത്യന്താപേക്ഷികമാണ്. ആക്ടിൽ നിഷ്കർഷിക്കുന്ന പ്രകാരം കിഫ്ബിയ്ക്ക് വാർഷികമായി നൽകേണ്ട വിഹിതം കൃത്യമായി ലഭിക്കുന്നുണ്ടെന്നും അതിന്റെ പ്രവർത്തങ്ങൾ |

| | | | |
|---|---|---|---|
| | | | സുഗമമായി നടക്കുന്നുണ്ട് എന്നതും സർക്കാർ ഉറപ്പുവരുത്തും. ഒപ്പം കിഫ്ബി അവലംബിച്ചിരിക്കുന്ന 'കൺട്രോൾഡ് ലവറേജിങ്' മോഡൽ തിരിച്ചടവ് സുഗമമാക്കും. |
| (സി) | കിഫ്ബി വഴി അംഗീകാരം നൽകിയിരിക്കുന്ന 60,000 കോടി രൂപയുടെ പദ്ധതികൾ നടപ്പാക്കാനുള്ള വിഭവ സമാഹരണം നടത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; | (സി) | കിഫ്ബിയുടെ ആക്ടും നിലവിലെ വ്യവസ്ഥകളും അനുവദിക്കുന്ന രീതിയിലുള്ള ധനസമാഹരണമാണ് കിഫ്ബി അവലംബിച്ചു വരുന്നത്. വിവിധ ബാങ്കുകളിൽ നിന്നും DFI കളിൽ നിന്നും ടേം ലോണുകൾ ആഭ്യന്തര - അന്താരാഷ്ട്ര മാർക്കറ്റുകളിലിറക്കുന്ന ബോണ്ടുകൾ തുടങ്ങി വിവിധ മാർഗ്ഗങ്ങൾ ഇതിൽ ഉൾപ്പെടുന്നു. നിലവിലെ ധനസമാഹരണ രീതി കിഫ്ബി ലക്ഷ്യം വെക്കുന്ന 64000 കോടി കണ്ടെത്തുന്നതിനു പര്യാപ്തമാണ്. |
| (ഡി) | പ്രസ്തുത 60000 കോടി രൂപയുടെ പദ്ധതികൾ നടപ്പാക്കാൻ ഇപ്പോൾ ലഭ്യമാക്കിയിട്ടുള്ള തുക പര്യാപ്തമാണോ; ഇതിന്റെ വിശദാംശങ്ങൾ നൽകാമോ? | (ഡി) | കഴിഞ്ഞ 5 വർഷ കാലയളവിൽ കിഫ്ബി 64000 കോടിയിൽപരം ചെലവ് വരുന്ന പദ്ധതികൾക്കാണ് അംഗീകാരം നൽകിയിട്ടുള്ളത്. ഇവയെല്ലാം തന്നെ സ്ഥലമേറ്റെടുപ്പ്, ടെണ്ടറിങ്, നിർമ്മാണം എന്നിങ്ങനെ പദ്ധതി നിർഹണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. ചില പദ്ധതികൾ പൂർത്തിയാക്കിയിട്ടുമുണ്ട്. പദ്ധതികൾക്ക് വേണ്ടി വരുന്ന തുക എല്ലാം മുൻകൂട്ടി സമാഹരിച്ച് വയ്ക്കുന്ന രീതിയല്ല കിഫ്ബി അവലംബിച്ചിരിക്കുന്നത്. 'കൺട്രോൾഡ് ലവറേജിങ്' മാതൃകയിൽ പദ്ധതികൾക്കുള്ള ബിൽ വരുന്നമുറക്ക് അവയ്ക്ക് പണം നൽകുന്നതിന് ആവശ്യമായ രീതിയിലാണ് കിഫ്ബി ധനസമാഹാരണം നടത്തുന്നത്. ഇത്തരത്തിൽ 6 മാസ കാലയളവിലേക്കുള്ള ബില്ലുകൾ കൊടുക്കുന്നതിന് ആവശ്യമായ ബഫർ തുക കിഫ്ബി ഉറപ്പുവരുത്തുന്നുണ്ട്. കിഫ്ബി തദ്ദേശീയമായി വികസിപ്പിച്ചെടുത്ത ഒരു അസറ്റ്-ലയബിലിറ്റി മാനേജ്മെന്റ് സോഫ്റ്റ് വെയറാണ് (ALM Software) ഇതിനു സഹായിക്കുന്നത്. ഓരോ സമയത്തും കിഫ്ബിയുടെ പദ്ധതികളും അവയുടെ പുരോഗതിയും പേയ്മെന്റ് വ്യവസ്ഥകളും കൈവശമുള്ള തുകയും വിലയിരുത്തി ശാസ്ത്രീയമായ രീതിയിൽ കിഫ്ബിയുടെ കടമെടുപ്പ് നിർദ്ദേശിക്കുവാൻ കെല്പുള്ളതാണ് ഈ സംവിധാനം. ഇങ്ങനെ ചെയ്യുന്നതുവഴി അനാവശ്യമായി കടമെടുത്ത് പലിശകൊടുക്കുന്ന സാഹചര്യം ഒഴിവാക്കുവാൻ സാധിക്കും. സാമ്പത്തിക വർഷം 2021 വരെ 5,674.798 കോടി രൂപ കിഫ്ബി വിവിധ മാർഗ്ഗങ്ങളിലൂടെ സമാഹരിച്ചിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തിൽ 10000 കോടിയോളം രൂപ സമാഹരിക്കുവാനാണ് ഉദ്ദേശിക്കുന്നത്. നടപ്പ് സാമ്പത്തിക വർഷത്തിൽ MVT - പെട്രോളിയം |

| | | | |
|---|---|---|---|
| | | | സെസ് ഇനത്തിലുള്ള കിഫ്ബിയുടെ വിഹിതമായി സർക്കാരിൽ നിന്ന് ലഭിച്ച ആകെ തുക 10,158.94 കോടി രൂപയാകും. ഇത്തരത്തിൽ കൃത്യമായ സാമ്പത്തിക മാതൃകയുടെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നതിനാൽ ഏറ്റെടുത്ത പദ്ധതികൾക്ക് പണം ലഭ്യമാക്കുന്നതിൽ ഒരു തരത്തിലുള്ള ബുദ്ധിമുട്ടും പ്രതീക്ഷിക്കുന്നില്ല. കിഫ്ബിയുടെ ഫണ്ട് ട്രസ്റ്റി & അഡ്വൈസറി കമ്മീഷൻ (FTAC) ഇക്കാര്യം ആറ് മാസത്തിൽ ഒരിക്കൽ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നുണ്ട്. കിഫ്ബിയുടെ ആക്റ്റും നിലവിലെ വ്യവസ്ഥകളും അനുവദിക്കുന്ന ധന സമാഹരണ രീതികളാണ് കിഫ്ബി അവലംബിച്ചുവരുന്നത്. ടേം ലോണുകൾ, ബോണ്ടുകൾ തുടങ്ങി വിവിധ മാർഗ്ഗങ്ങൾ ഇതിൽ ഉൾപ്പെടുന്നു. നിലവിലെ രീതി കിഫ്ബി ലക്ഷ്യം വെക്കുന്ന 64000 കോടിയുടെ ധന സമാഹരണത്തിനു പര്യാപ്തമാണ്. |

സെക്ഷൻ ഓഫീസർ